*Private circulation only*

IRTC Newsletter

# ഐ.ആർ.ടി.സി. ന്യൂസ് ലെറ്റർ

*Science for social revolution*

2017 ഒക്ടോബർ-ഡിസംബർ | ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ | www.irtc.org.in | mail@irtc.org.in

### ഐ.ആർ.ടി.സി സാങ്കേതികസഹായം നൽകുന്ന

## പാലക്കുഴി ജലവൈദ്യുത പദ്ധതിയ്ക്ക് തുടക്കമായി

### വൈദ്യുതി വകുപ്പ് മന്ത്രി എം.എം.മണി ഉദ്ഘാടനം ചെയ്തു

പാലക്കുഴി ജലവൈദ്യുത പദ്ധതിയുടെ നിർമാണ പ്രവർത്തനങ്ങളുടെ ഔപചാരിക ഉദ്ഘാടനം ഡിസംബർ 21 ന് സംസ്ഥാന വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. എം.എം.മണി നിർവഹിച്ചു. വിജയകരമായി മീൻവല്ലം പദ്ധതിയ്ക്കു ശേഷം ഏറ്റെടുത്ത ഈ പദ്ധതിയുടെയും സാങ്കേതിക സഹായ ഏജൻസിയായി പ്രവർത്തിക്കുന്നത് ഐ.ആർ.ടി.സിയാണ്. 1 മെഗാവാട്ട് വൈദ്യുതി ലഭ്യത പ്രതീക്ഷിക്കുന്ന പദ്ധതിയുടെ നടത്തിപ്പ് ജില്ലാപഞ്ചായത്തിനു കീഴിലുള്ള കമ്പനിയായ Palakkad Small Hydro Company Ltd. (PSHC) യ്ക്കാണ്.



*ബഹു. സംസ്ഥാന വൈദ്യുതി മന്ത്രി ശ്രീ.എം.എം.മണി പദ്ധതി ഉദ്ഘാടനം ചെയ്യുന്നു*

ചടങ്ങിന് പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കെ.ശാന്തകുമാരി അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി.കെ.നാരായണദാസ് സ്വാഗതം പറഞ്ഞു. Palakkad Smaal Hydro Company Ltd. ന്റെ ചീഫ് എഞ്ചിനിയർ ഇ.സി.പത്മരാജൻ പാലക്കുഴി പദ്ധതിയുടെ റിപ്പോർട്ട് അവതരിപ്പിച്ചു. രണ്ട് വർഷത്തിനുള്ളിൽ നിർമാണപ്രവൃത്തികൾ പൂർത്തിയാക്കാനാകുമെന്ന് അദ്ദേഹം റിപ്പോർട്ട് ചെയ്തു. ഐ.ആർ.ടി.സി ഡയറക്ടർ ഡോ.എൻ.കെ.ശശിധരൻപിള്ള പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്ക് ആശംസ നേർന്നു.

*(തുടർന്ന് 2-ാം പേജ് വായിക്കുക)*


3 
അങ്കണവാടി പ്രവർത്തകർക്കുള്ള പരിശീലനം

9 
'മാലിന്യമുക്ത ചാലിയാർ'

5 

'കേരള റാലി ഫോർ സയൻസ്' കേരളം ശാസ്ത്രത്തോടൊപ്പം

9 
മലയാള സർവകലാശാലയുമായി ധാരണാപത്രം ഒപ്പിട്ടു

7 
മാലിന്യസംസ്കരണ ശില്പശാല

12 
നീർത്തടവികസനം നബാർഡ് പരിശീലനം

# Editor's Note

❝ വൈവിധ്യമാർന്ന പരിപാടികൾകൊണ്ട് ഐ.ആർ.ടി.സി സജീവമായ മൂന്ന് മാസങ്ങളാണ് കടന്നു പോയത്. സാമൂഹ്യനീതി വകുപ്പിനു വേണ്ടി കേരളത്തിലെ അങ്കണവാടികളുടെ പ്രവർത്തന മികവ് വളർത്തുന്നതിനായി രൂപപ്പെടുത്തിയ പരിശീലന പരിപാടിയാണ് ഇതിൽ പ്രധാനം. പരിശീലന പരിപാടികളുടെ മുന്നൊരുക്ക സമയത്ത് ഏറെ വെല്ലുവിളികൾ ഉണ്ടായിരുന്നു. മുഴുവൻ സമയം ഐ.ആർ.ടി.സിയിൽ താമസിച്ച് ഇതിന് നേതൃത്വം കൊടുക്കേണ്ട വിദ്യാഭ്യാസ വിദഗ്ദ്ധരുടെ ഒരു സംഘവും അവർക്ക് ആവശ്യമായ പിന്തുണ നിരന്തരമായി നൽകാൻ കഴിയുന്ന ഒരു രണ്ടാംനിരയും അനിവാര്യമായിരുന്നു. വ്യക്തിപരവും അല്ലാതെയും ഉള്ള ഒട്ടേറെ അസൗകര്യങ്ങൾ ഉണ്ടായിട്ടും അതെല്ലാം മറന്ന്, കെ.ടി.രാധാകൃഷ്ണൻ, പി.ശിവദാസൻ, രമേശൻ കടൂർ, കെ.പി.രാമകൃഷ്ണൻ, എ.ശശിധരൻ, ശ്രീനിവാസൻ കർത്ത, ലില്ലി കർത്ത, ഒപ്പം ജയ്സോമനാഥനും ചേർന്ന് പരിശീലനത്തിന്റെ ഉത്തരവാദിത്തം ചുമലിൽ ഏറ്റിയതോടെ തയ്യാറെടുപ്പുകൾ വേഗത്തിലായി. പിന്തുണയ്ക്കായി പുതുമുഖങ്ങളും, ശെൽവന്റെ നേതൃത്വത്തിൽ പശ്ചാത്തല സൗകര്യമൊരുക്കുകയും ആയതോടെ കാര്യങ്ങൾ സുഗമമായി.

പങ്കാളിത്തരീതിയിലുള്ള പരിശീലനത്തിന് നല്ല സ്വീകാര്യതയാണ് ലഭിച്ചത്. ഐ.ആർ.ടി.സിയിലെ അനൗപചാരിക ശൈലിയും അതേസമയം അച്ചടക്കവും സമയനിഷ്ഠയും ഉറപ്പാക്കിയ പരിശീലനരീതിയ്ക്ക് പുതിയ ഒരനുഭവവും ആവേശവും പകരാൻ കഴിഞ്ഞു എന്ന് പങ്കെടുത്തവരെല്ലാം സാക്ഷ്യപ്പെടുത്തി. 33000 ൽ അധികം വരുന്ന അങ്കണവാടികളുടെ പ്രവർത്തനങ്ങൾക്ക് പുതു ഊർജ്ജം പകരാനുള്ള ശ്രമങ്ങളിൽ അണിചേരാൻ ഇതുവഴി കഴിഞ്ഞു എന്നത് ഐ.ആർ.ടി.സിയ്ക്ക് അഭിമാനകരമാണ്. പരിശീലനത്തിന്റെ ഒരു ഘട്ടം പൂർത്തിയായപ്പോൾ തന്നെ പുതിയ വഴികളുടെ ഒട്ടേറെ സാദ്ധ്യതകൾ തുറന്നിട്ടുണ്ട്. ശിശുവിദ്യാഭ്യാസത്തിന് സഹായകമായ പാട്ടും കഥയും ചിത്രങ്ങളും നിർമാണങ്ങളും ഒക്കെ ഉള്ളടക്കമാക്കി നൂറുകണക്കിന് ചെറുപുസ്തകങ്ങൾ, കളിപ്പാട്ടങ്ങൾ, ഉപകരണങ്ങൾ, പാവകളി സൗകര്യങ്ങൾ ഒക്കെ ആവശ്യമായി ഉയർന്നു വന്നിരിക്കുന്നു. ഓരോ അങ്കണവാടികളേയും സഹായിക്കുന്ന തരത്തിൽ പ്രാദേശിക റിസോഴ്സ് ടീമുകൾ, പുതിയ കാലത്തിനും ആവശ്യങ്ങൾക്കും അനുസരിച്ച് അങ്കണവാടികളിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ച പഠനങ്ങൾ, അനുയോജ്യമായ പ്രവർത്തന പരിപാടികൾ, ഇങ്ങനെ വികസിക്കുന്നതാണ് പരിശീലനത്തിന്റെ വിലയിരുത്തലിൽ നിന്ന് ലഭിക്കുന്ന ദിശാസൂചകങ്ങൾ. ഐ.ആർ.ടി.സിയിൽ നടത്താറുള്ള മറ്റ് പല പരിശീലന പരിപാടികളേയും പോലെയല്ല അങ്കണവാടി പരിശീലന പരിപാടി എന്ന തിരിച്ചറിവ് പങ്കുവയ്ക്കുന്നു. പരിഷത്ത് സംഘടന അധികം കടന്നു ചെന്നിട്ടില്ലാത്ത ശൈശവകാല വിദ്യാഭ്യാസത്തെ കുറിച്ച് പുതിയ ഒരു കാഴ്ച്ചപ്പാടും അർത്ഥവത്തായ ഒരു കർമ്മപദ്ധതിയും മുന്നോട്ടുവക്കാനുള്ള കടമ ബാക്കിവച്ചായിരിക്കും ഈ പരിശീലന പരമ്പര അവസാനിക്കുക എന്ന് എനിക്കുറപ്പുണ്ട്.

സ്നേഹപൂർവ്വം,

എൻ.കെ.ശശിധരൻപിള്ള
ഡയറക്ടർ

*(ഒന്നാം പേജിന്റെ തുടർച്ച)*

ഐ.ആർ.ടി.സിയുടെ സാങ്കേതിക സഹായത്തോടെ നടപ്പാക്കുന്ന രണ്ടാമത്തെ ചെറുകിട ജലവൈദ്യുത പദ്ധതിയാണ് പാലക്കുഴിയിലേത്. പാലക്കാട് ജില്ലാപഞ്ചായത്തിന്റെ ആദ്യത്തെ പദ്ധതിയായ മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ സാങ്കേതിക സഹായ ഏജൻസിയായി പ്രവർത്തിച്ചതും ഐ.ആർ.ടി.സി ആയിരുന്നു. 3 മെഗാവാട്ട് വൈദ്യുതി ഉൽപാദനത്തോടെ മീൻവല്ലം പദ്ധതി ഇന്നും വിജയകരമായി മുന്നോട്ടു പോകുന്നു. നൊച്ചിപ്പാടം പ്രൈവറ്റ് ലിമിറ്റഡ് ആണ് പാലക്കുഴി പദ്ധതിയുടെ നിർമാണ പ്രവർത്തനങ്ങൾ ചെയ്തു വരുന്നത്.

# അങ്കണവാടി പ്രവർത്തകർക്കുള്ള പരിശീലനം പുരോഗമിക്കുന്നു

## രണ്ടാംഘട്ടം ആരംഭിച്ചു

ഐ.ആർ.ടി.സിയുടെ നേതൃത്വത്തിൽ സാമൂഹ്യനീതി വകുപ്പിനു വേണ്ടി തയ്യാറാക്കിയ പദ്ധതി പ്രകാരം റിസോഴ്സ് അദ്ധ്യാപകർക്കുള്ള പരിശീലന പരിപാടി സജീവമായി മുന്നേറിക്കൊണ്ടിരിക്കുന്നു. സംസ്ഥാന തലത്തിലുള്ള സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന് മൂന്നു ഘട്ടങ്ങളിലായാണ് പരിശീലനം നൽകുന്നത്. കേരളത്തിലെ 33115 അങ്കണവാടികളിലെയും അദ്ധ്യാപികമാരെ/വർക്കർമാരെ അവർ ഉപയോഗിച്ചു വരുന്ന കൈപുസ്തകവും പ്രവർത്തന പുസ്തകവും ഫലപ്രദമായി ഉപയോഗിക്കുന്നതിനാണ് പരിശീലനം.

ഇന്നും പ്രീസ്കൂൾ കുട്ടികൾ കൂടുതൽ പോകുന്നത് അങ്കണവാടികളിലേക്കാണ്. ഈ പശ്ചാത്തലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണം സാധ്യമാക്കുന്നതിന് അങ്കണവാടികളെക്കൂടി മികവിന്റെ കേന്ദ്രമാക്കേണ്ടതുണ്ട്. മികച്ച അടിസ്ഥാന സൗകര്യങ്ങൾ, ശിശുസൗഹൃദ സംവിധാനങ്ങൾ, ശിശുസൗഹൃദ പരിചരണം എന്നിവ ഉറപ്പുവരുത്തേണ്ടതുണ്ട്. അങ്കണവാടി അദ്ധ്യാപകരെ/വർക്കർമാരെ കൂടാതെ ICDS ഓഫീസർമാർ, ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർ, മറ്റു സന്നദ്ധ പ്രവർത്തകർ എന്നിവരും പരിശീലനം നേടുന്നവരിൽ ഉൾപ്പെടുന്നു.

അങ്കണവാടികളിൽ ശിശുക്കളുടെ പോഷണം, പരിചരണം, പ്രതിരോധം എന്നിവ ഫലവത്താക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയുടെ (ICDS) ഭാഗമാണ് പ്രവർത്തിച്ചു വരുന്നത്. ഇവിടങ്ങളിൽ നിയമിക്കപ്പെടുന്ന വർക്കർമാർക്ക് പരിമിതമായ പരിശീലനങ്ങളേ ഇതുവരെ ലഭ്യമായിട്ടുള്ളൂ. അനൗപചാരികവും കളിരീതിയിലുള്ളതും വീട്ടുഭാഷയിലുമുള്ള പരിചരണ രീതികൾ ശാസ്ത്രീയമായി ഒരുക്കുന്നതിലാണ് ഐ.ആർ.ടി.സിയിലെ പരിശീലനം ഊന്നുന്നത്.

ആറു വയസ്സു വരെയുള്ള കുട്ടികളുടെ പ്രകൃതം, ബുദ്ധിവികാസം, വളർച്ച, ആവശ്യങ്ങൾ എന്നിവ പരിഗണിച്ചുകൊണ്ട് വൈവിധ്യമാർന്ന

*(ശേഷം അടുത്ത പേജിൽ)*










*പരിശീലനത്തിലേർപ്പെട്ടിരിക്കുന്ന അങ്കണവാടി പ്രവർത്തകർ*

കളി/അനുഭവ തന്ത്രങ്ങളാണ് പങ്കാളിത്തരീതിയിൽ അവതരിപ്പിക്കുന്നത്. ഇതിനായി തയ്യാറാക്കിയ 'അങ്കണത്തൈമാവ്' എന്ന പേരിലുള്ള ഒരു കൈപുസ്തകം പഠിതാക്കൾക്കു മുമ്പിൽ അവതരിപ്പിക്കുകയും, തുടർന്ന് ചർച്ചയിലേക്കും പ്രവർത്തനാസൂത്രണ പ്രക്രിയയിലേക്കും നയിക്കുന്നു. ഈ പുസ്കത്തിൽ അവതരിപ്പിക്കുന്ന 5 തീമുകളുടെ അവതരണവും ശേഷം നടക്കും. ഇതാണ് പരിശീലനത്തിലെ പ്രധാന ഭാഗം.

കഥ, പാട്ട്, കളികൾ, പ്രകൃതിനടത്തം, ഒറിഗാമി നിർമാണം, പാവകളി, റോൾപ്ലേ, കൗതുക/ശാസ്ത്രപരീക്ഷണങ്ങൾ എന്നിവയാണ് പഠനതന്ത്രങ്ങളിൽപ്പെടുന്നത്.

ഓരോ ബാച്ചിനും 5 ദിവസം വീതമാണ് ആദ്യഘട്ട പരിശീലനം. ഇതേ ബാച്ചിനു തന്നെ പിന്നീട് രണ്ട് ഘട്ടങ്ങളിലായി പത്തു ദിവസത്തെ പരിശീലനം കൂടി നൽകണം. പഞ്ചായത്ത് തലത്തിൽ ആദ്യം മൂന്ന് ദിവസവും പിന്നീട് ക്ലസ്റ്റർ രൂപത്തിൽ 9 ദിവസവുമാണ് പരിശീലനം വിഭാവനം ചെയ്തിട്ടുള്ളത്. പഞ്ചായത്ത് തല പരിശീലനത്തിനായുള്ള മൊഡ്യൂൾ പുസ്തകം ഐ.ആർ.ടി.സിയുടെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുണ്ട്.

ഡോ.സി.രാമകൃഷ്ണൻ, കെ.ടി.രാധാകൃഷ്ണൻ, ശ്രീനിവാസൻ കർത്ത, ലില്ലി കർത്ത, കെ.ശിവദാസൻ, കെ.പി.രാമകൃഷ്ണൻ, എ.ശശിധരൻ തുടങ്ങിയ വിദ്യാഭ്യാസപ്രവർത്തകരുടെ നേതൃത്വത്തിലാണ് പരിശീലനത്തിന്റെ അക്കാദമിക ജോലികൾ നടക്കുന്നത്. പരിശീലന പരിപാടികളെ ഐ.ആർ.ടി.സി ട്രെയിനിംഗ് കോർഡിനേറ്ററായ ജയ്സോമനാഥനും അനുബന്ധ കാര്യങ്ങൾ വി.സി. ശെൽവരാജനുമാണ് ഏകോപിപ്പിക്കുന്നത്.

## കാർഷിക സർവകലാശാല വിദ്യാർഥികൾക്കുള്ള ഏകദിന ശില്പശാല

കേരള കാർഷിക സർവകലാശാല വിദ്യാർഥികളുടെ ഏകദിന ശില്പശാലയും കാമ്പസ് സന്ദർശനവും ഒക്ടോബർ 14 ന് ഐ.ആർ.ടി.സി കാമ്പസിൽ നടന്നു. പരിസ്ഥിതിശാസ്ത്രം ബിരുദാനന്തര ബിരുദ കോഴ്സിലെ 60 വിദ്യാർഥികളാണ് ശില്പശാലയിൽ പങ്കെടുത്തത്. പ്രകൃതിവിഭവ പരിപാലന രംഗത്ത് ഐ.ആർ.ടി.സിയുടെ മൂന്ന് പതിറ്റാണ്ടു കാലത്തെ അനുഭവങ്ങളെ അടുത്തറിയാനാണ് വിദ്യാർത്ഥികൾ കാമ്പസിലെത്തിയത്. നീർത്തടാധിഷ്ഠിത വികസന കാഴ്ച്ചാടിനെക്കുറിച്ചും പ്രവർത്തന പദ്ധതികളെക്കുറിച്ചും ആർ.സതീഷ് വിദ്യാർഥികൾക്ക് ക്ലാസെടുത്തു. പ്രൊഫ.ബി.എം.മുസ്തഫ, ഡോ.എൻ.കെ.ശശിധരൻ എന്നിവർ സംസാരിച്ചു. ക്ലാസുകൾക്കു ശേഷം വിദ്യാർത്ഥികൾ കാമ്പസിലെ വിവിധ ഡിവിഷനുകളിൽ സന്ദർശിച്ച് പ്രവർത്തനങ്ങൾ കണ്ടറിഞ്ഞു. കൂടാതെ, കേരളത്തിലെ 250 ഓളം പഞ്ചായത്തുകളിൽ ഐ.ആർ.ടി.സിയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ നീർത്തടാധിഷ്ഠിത വികസന മാസ്റ്റർപ്ലാനുകളുടെ ലൈബ്രറി ശേഖരം വിദ്യാർത്ഥികൾ പരിശോധിച്ചു.



*ആർ.സതീഷ് ക്ലാസെടുക്കുന്നു*



*ശിൽപശാലയിൽ പങ്കെടുക്കുന്ന
കാർഷിക സർവകലാശാല വിദ്യാർഥികൾ*

# കേരള റാലി ഫോർ സയൻസ്

## കേരളം ശാസ്ത്രത്തിനുവേണ്ടി അണിനിരന്നു

ശാസ്ത്രബോധം തിരിച്ചു പിടിയ്ക്കാനും സമൂഹത്തെ കാർന്നു തിന്നുന്ന അശാസ്ത്രീയ പ്രചരണങ്ങൾക്കെതിരെ അണിനിരക്കാനും ആഹ്വാനം ചെയ്ത് റാലി ഫോർ സയൻസ് നവംബർ 14 വൈകീട്ട് പാലക്കാട് സ്റ്റേഡിയം സ്റ്റാൻഡിൽ നടന്നു. റാലിയുടെ സമാപനം ബഹു. പാലക്കാട് എം.പി എം.ബി രാജേഷ് ഉദ്ഘാടനം ചെയ്തു. റാലി ഫോർ സയൻസിന്റെ പാലക്കാട് ജില്ലാ കൺവീനറും ഐ.ആർ. ടി.സിയിലെ റിസർച്ച് കോർഡിനേറ്ററുമായ പ്രൊഫ. ബി.എം.മുസ്തഫ അധ്യക്ഷത വഹിച്ചു. ഉദ്ഘാടനത്തിനു ശേഷം ഐ.ആർ.ടി.സി ഡയറക്ടർ ഡോ. എൻ.കെ.ശശിധരൻ പിള്ള മുഖ്യ പ്രഭാഷണം നടത്തി. നൂറ്റാണ്ടുകളിലൂടെ വളർന്ന ശാസ്ത്രത്തിന്റെ സഹായത്തോടെ മനുഷ്യർ ആധുനിക ജീവിതം നയിക്കുമ്പോൾ മറുഭാഗത്ത്, ശാത്രത്തെ വളച്ചൊടിച്ചും അപകീർത്തിപ്പെടുത്തിയും പിൻതിരിഞ്ഞ് നടക്കുന്ന പ്രവണത ഇന്ത്യയിൽ ശക്തിപ്രാപിക്കുന്നു.

ശാസ്ത്രസാങ്കേതിക രംഗത്തെ ഗവേഷണങ്ങളെയും പഠനങ്ങളെയും ഭരണകൂട പിന്തുണയോടെ തൽപ്പര കക്ഷികൾ അട്ടിമറിക്കുന്ന കാഴ്ച്ചയാണ് ഇന്ന് ഇന്ത്യയിലടക്കം കണ്ടുവരുന്നത്. ശാസത്രബോധത്തിനു പകരം മത തീവ്രവാദവും തീവ്രദേശീയവാദവും പിടിമുറുക്കുന്നതിന്റെ ഭാഗമാണ് ഈ പ്രവണതകളെല്ലാം. ശക്തമായ ശാസ്ത്രപ്രചാരണം കൊണ്ടല്ലാതെ അതിനെ മറികടക്കാനാകില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.




*ബഹു.എം.പി ശ്രീ.എം.ബി രാജേഷ് ഉദ്ഘാടനം നിർവഹിക്കുന്നു*




*ഡോ.എൻ.കെ.ശശിധരൻപിള്ള മുഖ്യപ്രഭാഷണം നടത്തുന്നു*



*റാലിയിൽ പങ്കെടുക്കുന്ന ഐ.ആർ.ടി.സി പ്രവർത്തകർ*

ശാസ്ത്രവാരത്തിന്റെ സമാപനമായാണ് നവംബർ 14 ന് വൈകുന്നേരം പാലക്കാട് വച്ച് ശാത്രസാഹിത്യ പരിഷത്ത്, ലൈബ്രറി കൗൺസിൽ, കേരള യുക്തിവാദി സംഘം എന്നീ സംഘടനകളുടെ നേതൃത്വത്തിൽ ശാസ്ത്രറാലി സംഘടിപ്പിച്ചത്. വിക്ടോറിയ കോളേജിൽ നിന്നും കോട്ടമൈതാനത്തു നിന്നും ആരംഭിച്ച രണ്ടു റാലികൾ പാലക്കാട് സ്റ്റേഡിയം സ്റ്റാൻഡിൽ ഒരുക്കിയ കേന്ദ്രത്തിൽ സംഗമിക്കുകയായിരുന്നു. ഇരു ജാഥകളിലും യുവതീയുവാക്കളടക്കം നൂറുകണക്കിന് പൊതുജനങ്ങളും ശാസ്ത്രപ്രവർത്തകരുമാണ് അണിനിരന്നത്. ഇരുപതോളം വരുന്ന ഐ.ആർ.ടി.സി പ്രവർത്തകരുടെ സംഘം വിക്ടോറിയ കോളേജിൽ നിന്നാരംഭിച്ച റാലിയിലാണ് അണിനിരന്നത്. മുതിർന്ന് പരിഷത്ത് പ്രവർത്തക ലില്ലി എസ്. കർത്ത റാലി ഫ്‌ളാഗ് ഓഫ് ചെയ്തു. ജിസ്ട്രാർ പി.കെ.നാരായണൻ, ഐ.ആർ.ടി.സി പ്രവർത്തകരായ രാമചന്ദ്രൻ.എം, സെൽവരാജ് വി.സി., ചിഞ്ചു സി., സൂര്യ സേതുമാധവൻ, ഇന്ദ്രജിത്ത്, അഞ്ജു, ഷിന്റോൺ, രാഹുൽ തുടങ്ങിയവർ പങ്കെടുത്തു. ഉച്ചത്തിൽ മുദ്രാവാക്യങ്ങൾ മുഴക്കിയും മുദ്രാഗീതങ്ങൾ ആലപിച്ചും റാലി സജീവമായിരുന്നു.

## റാലി ഫോർ സയൻസ്
## ഐ. ആർ. ടി. സി പങ്കാളികളായി

കേരള റാലി ഫോർ സയൻസിന്റെ ഭാഗമായി 2017 നവംബർ 7 മുതൽ 14 വരെയുള്ള ഒരാഴ്ച ക്കാലം ഐ.ആർ.ടി.സിയിൽ ശാസ്ത്രവാരം ആച രിച്ചു. 'കേരള ശാസ്ത്രത്തോടൊപ്പം' എന്ന മുദ്രാ വാക്യവുമായി ശാസ്ത്രവാരം ആചരിക്കാൻ കേരള ശാസ്ത്രസാങ്കേതിക കൗൺസിലും കേരള ശാ സ്ത്രസാഹിത്യ പരിഷത്ത്, ലൈബ്രറി കൗൺസിൽ എന്നീ സംഘടനകളും സംയുക്തമായി തീരുമാനി ച്ചതിന്റെ ഭാഗമായാണ് ഐ.ആർ.ടി.സിയും സജ്ജ മായത്.

ശാസ്ത്രവാരത്തിന്റെ ഭാഗമായി ഐ.ആർ. ടി.സി കാമ്പസ് വിദ്യാർഥികൾക്കും പൊതുജ നങ്ങൾക്കും തുറന്നുകൊടുത്തു. കാമ്പസിലെ ത്തുന്ന ഓരോ വിദ്യാർഥിയെയും ശാസ്ത്രപഠനത്തി ന്റെ പ്രാധാന്യവും അതിന്റെ സാമൂഹ്യപ്രസക്തിയും ബോധ്യപ്പെടുത്തിക്കൊടുക്കാൻ ഐ.ആർ.ടി.സി പ്രവർത്തകർക്കു സാധിച്ചു. പാലക്കാട്, മലപ്പുറം, തൃശൂർ ജില്ലകളിലെ വിവിധ സ്കൂളുകളിൽ നിന്നാ യി നൂറുകണക്കിന് വിദ്യാർഥികളും അധ്യാപകരും ഐ.ആർ.ടി.സി കാമ്പസിലെത്തി.

ശാസ്ത്രലോകത്തെ അതുല്യപ്രതിഭ മേ രി ക്യൂറിയുടെ 150-ാം ജന്മവാർഷികം (നവംബർ 7), ഇന്ത്യൻ ശാസ്ത്രപ്രതിഭ സി.വി.രാമന്റെ 100-ാം ജന്മവാർഷികം (നവംബർ 7), ശാസ്ത്രാവബോധം ഉയർത്തിപ്പിടിച്ച് ഇന്ത്യൻ ജനതയെ നയിച്ച പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ 128-ാം ജന്മദിനം (നവംബർ 14) എന്നിവ പ്രമാണിച്ചായി രുന്നു ഈ വർഷം ശാസ്ത്രവാരം ആചരിക്കാൻ തീരുമാനിച്ചത്. ആ പ്രതിഭകളുടെ ശാസ്ത്രരംഗ ത്തെയും സാമൂഹികരംഗത്തെയും സംഭാവനകളെ ഓർത്തെടുക്കാനും, ശാത്രത്തെ സമൂഹത്തിനു വേണ്ടി കൂടുതൽ ഗുണപരമായി പ്രയോഗിക്കണ മെന്ന് നിലപാടു സ്വീകരിക്കാനും ഇതുവഴി കഴി ഞ്ഞു.

ശാസ്ത്രരംഗത്തെ നിരവധി പ്രതിഭകളു ടെ പാനൽ പ്രദർശനം നടത്തിയും കാമ്പസ് അല ങ്കരിച്ചുമാണ് ഐ.ആർ.ടി.സി ശാസ്ത്രവാരത്തിൽ വിദ്യാർഥികളെയും പൊതുജനങ്ങളെയും സ്വീകരി ച്ചത്. ശാത്രസാങ്കേതികവിദ്യയെ ഗ്രാമീണവികസന ത്തിനുപയോഗിക്കുന്ന രീതി ഏറെ പ്രശംസനീയമാ ണെന്നും കാമ്പസിലെ വിവിധ ഡിവിഷനുകളിലെ പ്രവർത്തനങ്ങൾ നേരിട്ടു കണ്ടറിഞ്ഞതു വഴി അടിസ്ഥാന ശാസ്ത്രത്തെ മനസ്സിലാക്കാനും സാ ധിച്ചെന്ന് സന്ദർശകർ പറഞ്ഞു.




*ഐ.ആർ.ടി.സി സന്ദർശനത്തിനെത്തിയ വിദ്യാർഥികൾ*

## മാലിന്യസംസ്കരണ ശില്പശാല

മലമ്പുഴ ഐ.ടി.ഐ.യിലെ വിദ്യാർഥികൾക്കായി ഏകദിന മാലിന്യസംസ്കരണ ശില്പശാല സംഘടിപ്പിച്ചു. ഡിംബർ 13 ന് നടന്ന ശില്പശാലയിൽ 30 വിദ്യാർഥികൾ പങ്കെടുത്തു. ബയോഗ്യാസ് പ്ലാന്റ് പരിപാലനം, പൈപ്പ് കമ്പോസ്റ്റ്, മണ്ണിരക്കമ്പോസ്റ്റ്, മറ്റു മാലിന്യസംസ്കരണ രീതികൾ എന്നിവയെക്കുറിച്ചുള്ള ക്ലാസുകളും പ്രായോഗിക പരിശീലനവും നടന്നു. അകത്തേത്തറയിലെ നന്മ കൂട്ടായ്മയാണ് പരിശീലനത്തിനുള്ള സഹായം നൽകിയത്. ഐ.ആർ.ടി.സിയിലെ Solid Waste Management വിഭാഗത്തിന്റെ നേതൃത്വത്തിലാണ് ശില്പശാല സംഘടിപ്പിച്ചത്. പ്രൊഫ.ബി.എം.മുസ്തഫ, എഞ്ചിനിയർ രാഹുൽ.ആർ., ജൂനിയർ സയന്റിസ്റ്റ് സുസ്മിത.വി., മരിയ എന്നിവർ ക്ലാസുകൾക്കും പ്രായോഗിക പരിശീലനങ്ങൾക്കും നേതൃത്വം നൽകി. ഐ.ആർ.ടി.സിയിലെ പ്രവർത്തന മാതൃകകളെ പരിചയപ്പെടുത്തിക്കൊണ്ടാണ് പരിശീലനം നടന്നത്. മലമ്പുഴ ഐ.ടി.ഐ.യിലെ ഫാഷൻ ഡിസൈനിംഗ് വിഭാഗത്തിലെ 50 വിദ്യാർഥികളാണ് ശിൽപശാലയിൽ പങ്കെടുത്തത്.



*പ്രൊഫ.ബി.എം.മുസ്തഫ വിദ്യാർഥികൾക്ക് ക്ലാസെടുക്കുന്നു*

## പ്രകൃതിവിഭവ പരിപാലനം: ദേശീയ ശിൽപശാല

ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങളിലും MGNREGS പ്രവർത്തനങ്ങൾ വിപുലപ്പെടുത്താനും, പ്രകൃതിവിഭവ പരിപാലനം ശക്തമാക്കാനും ദേശീയ തലത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. നവംബർ 27 മുതൽ ഡിസംബർ 1 വരെ ഹൈദരാബാദ് Telengana State Institute of Rural Development (TSIRD) ൽ വച്ചാണ് പരിശീലനം നടന്നത്. NIRD (National Institute of Rural Develeopment), PR (Panchayathi Raj) എന്നിവയുടെ നേതൃത്വത്തിലാണ് പരിശീലനം സംഘടിപ്പിച്ചത്. കേരളത്തിൽ നിന്ന് 3 പേരാണ് പരിശീലനത്തിൽ പങ്കെടുത്തത്. ഐ.ആർ.ടി.സിയിലെ സയന്റിഫിക് സ്റ്റാഫുകളായ രാജൻ.എം., ലിമിഷ എ.ടി എന്നിവർ പരിശീലനത്തിൽ പങ്കെടുത്തു.

രാജ്യത്തെ ജലദൗർലഭ്യത്തിന് വിരാമമിടാൻ രൂപീകരിച്ച 'മിഷൻ വാട്ടർ കൺസർവേഷൻ' പദ്ധതിയെ കുറിച്ച് അവതരണങ്ങളും വിശദമായ ചർച്ചകളും നടന്നു. ഗ്രാമീണവികസനം ശക്തിപ്പെടുത്താനായി പഞ്ചായത്തുതലത്തിൽ വിവിധ തരത്തിലുള്ള ഇടപെടലുകളും തുടർ പരിശീലനങ്ങളും നടത്താൻ ശിൽപ്പശാലയിൽ തീരുമാനിച്ചു.

## ഹരിതകേരളം: എക്സിബിഷൻ സംഘടിപ്പിച്ചു

സംസ്ഥാന സർക്കാരിന്റെ ഹരിതകേരള മിഷന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് ശുചിത്വമിഷൻ സംഘടിപ്പിച്ച എക്സിബിഷൻ പാലക്കാട് ടൗൺഹാൾ അനക്സിൽ വച്ച് ഡിസംബർ 11, 12 ദിവസങ്ങളിൽ നടന്നു. ഐ.ആർ.ടി.സിയുടെ മാലിന്യസംസ്കരണ ഉപാധികൾ, സേവനങ്ങൾ എന്നിവ പ്രദർശനത്തിനു വച്ചു. ഉപകരണങ്ങൾ വാങ്ങിക്കാനും മാലിന്യസംസ്കരണത്തെ സംബന്ധിച്ച സംശയങ്ങൾ ചോദിച്ചറിയാനും നിരവധി പേരാണ് ഐ.ആർ.ടി.സി സ്റ്റാളിലെത്തിയത്.

## ഉദ്യോഗസ്ഥർക്കുള്ള ഗ്രീൻപ്രോട്ടോക്കോൾ പരിശീലനം

പാലക്കാട് കളക്ടറേറ്റിലെ ഉദ്യോഗസ്ഥർക്കുള്ള ഗ്രീൻ പ്രോട്ടോക്കോൾ പരിശീലനം ഒക്ടോബർ 13 ന് രാവിലെ മുതൽ വൈകീട്ട് വരെ സെമിനാർഹാളിൽ വച്ച് നടന്നു. പ്രൊഫ.ബി.എം. മുസ്തഫ, വൈ.കല്യാണകൃഷ്ണൻ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ഐ.ആർ.ടി.സിയിലെ SWM വിഭാഗത്തിന്റെ നേതൃത്വത്തിലാണ് പരിശീലനം നടന്നത്.

## സ്പെക്ട്രം ശിൽപ്പശാലയ്ക്ക് തുടക്കമായി

കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ യുവജനക്കൂട്ടായ്മ യുവസമിതിയുടെ ജെന്റർ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന സ്പെക്ട്രം ശിൽപ്പശാലയ്ക്ക് തുടക്കമായി. ഒക്ടോബർ 18 ന് രാവിലെ ഐ.ആർ.ടി.സി സെമിനാർ ഹാളിൽ വച്ച് സ്പെക്ട്രം ശിൽപ്പശാലയുടെ ആമുഖാവതരണങ്ങളും ചർച്ചകളും നടന്നു. ഡിസംബർ മാസത്തിൽ നടക്കുന്ന മൂന്നു ദിവസത്തെ ശിൽപ്പശാലയാണ് സ്പെക്ട്രം. ലിംഗപദവി പഠനങ്ങളെ സംബന്ധിക്കുന്ന ആഴത്തിലുള്ള അവതരണങ്ങളും ചർച്ചകളും തുടർ പ്രവർത്തനങ്ങളുമാണ് സ്പെക്ട്രത്തിലൂടെ യുവസമിതി ലക്ഷ്യമിടുന്നത്. ജെന്ററിനെ സാമ്പത്തികം, ജീവശാസ്ത്രം, കുടുംബം-സമൂഹം എന്നിങ്ങനെ പലവിധ കാഴ്ച്ചപ്പാടുകളിലൂടെ ആഴത്തിൽ പഠിക്കാനാണ് ശ്രമം.

ലിംഗനീതിയ്ക്കായയുള്ള പോരാട്ടത്തിൽ അക്കാദമിക സാഹചര്യങ്ങളെ കൂടി ബലപ്പെടുത്തണമെന്ന തിരിച്ചറിവിലാണ് ശിൽപ്പശാല സംഘടിപ്പിക്കുന്നതെന്ന് സ്പെക്ട്രം കൺവീനർ ആദില കബീർ ആമുഖാവതരണത്തിൽ അഭിപ്രായപ്പെട്ടു. ജെന്ററും ബയോളജിയും എന്ന വിഷയത്തിൽ ഡോ.കെ.പി. അരവിന്ദൻ, ജെന്റർ പഠനത്തിനൊരാമുഖം എന്ന വിഷത്തിൽ എം.ജെ.ശ്രീചിത്രൻ, കുടുംബവും ജെന്ററും എന്ന വിഷയത്തിൽ കെ.രമ എന്നിവരുടെ അവതരണങ്ങൾ നടന്നു. വിവിധ ജില്ലകളിൽ നിന്നെത്തിയ 30 പേർ പങ്കെടുത്തു. ടെലഗ്രാം വഴിയുള്ള മുപ്പത് ദിവസത്തെ ഓൺലൈൻ പഠനപ്രക്രിയയ്ക്ക് ശേഷമാണ് സ്പെക്ട്രം ക്യാമ്പ് നടക്കുന്നത്.



*സ്പെക്ട്രം ക്യാമ്പിൽ പങ്കെടുക്കുന്നവർ*

## ചിപ്പിക്കൂൺ നിർമാണ പരിശീലനം

ഐ.ആർ.ടി.സിയിലെ മഷ്റൂം നിർമാണ വിഭാഗത്തിന്റെ നേതൃത്വത്തിൽ ചിപ്പിക്കൂൺ നിർമാണ പരിശീലനം ഒക്ടോബർ 10, 11 തിയ്യതികളിൽ നടന്നു. പ്രായോഗിക പരിശീലനത്തോടെയാണ് രണ്ടു ദിവസത്തെ പരിശീലനം നടന്നത്. മുണ്ടൂർ പ്രദേശത്തെ 8 സ്ത്രീകളാണ് ഇത്തവണ പരിശീലനത്തിൽ പങ്കെടുത്തത്. സുര്യ സേതുമാധവൻ, സുധ, സജിത, സുനിത എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി. ഇതിനോടകം നിരവധി പേർ ഐ.ആർ.ടി.സി പരിശീലനം നേടി സ്വന്തമായി ഭക്ഷ്യയോഗ്യമായ ചിപ്പിക്കൂൺ നിർമാണം നടത്തി വരുന്നുണ്ട്. മാറിയ സാഹചര്യത്തിൽ ഭക്ഷ്യപ്രതിസന്ധിയെ മറികടക്കുന്നതിന്റെ ഭാഗമായിക്കൂടിയാണ് ഐ.ആർ.ടി.സി ഭക്ഷ്യയോഗ്യമായ ചിപ്പിക്കൂൺ കൃഷിയെ പരിപോഷിപ്പിക്കുന്നത്. അതോടൊപ്പം ഗ്രാമീണജനങ്ങൾക്ക് പുതിയൊരു തൊഴിൽ സാധ്യതയും ഐ.ആർ.ടി.സി ഈ പ്രവർത്തനത്തിലൂടെ ലക്ഷ്യം വെയ്ക്കുന്നുണ്ട്.

## ആലത്തൂർ എസ്.എൻ കോളേജ് വിദ്യാർഥികൾക്ക് പരിശീലനം നൽകി

ആലത്തൂർ എസ്.എൻ കോളേജിലെ Zoology, Botany, Environment&Waste management എന്നീ വിഭാഗങ്ങളിലെ 30 ബിരുദ വിദ്യാർഥികൾക്കായി മാലിന്യപരിപാലനത്തിൽ ശിൽപശാല സംഘടിപ്പിച്ചു. ഐ.ആർ.ടി.സിയിലെ Solid Waste Management Division ന്റെ നേതൃത്വത്തിൽ ഡിസംബർ 15 നാണ് ശിൽപശാല നടന്നത്. പ്രൊഫ.ബി.എം.മുസ്തഫ, രാഹുൽ.ആർ., സുസ്മിത.വി എന്നിവർ ക്ലാസുകൾ നയിച്ചു. മാലിന്യപരിപാലനത്തിന്റെ ശാസ്ത്രസാങ്കേതിക വശങ്ങളെക്കുറിച്ചും സാമൂഹിക പ്രാധാന്യത്തെക്കുറിച്ചും വിദ്യാർഥികൾക്ക് അവബോധമുണ്ടാക്കാൻ പരിശീലനം സഹായിച്ചു. ബയോഗ്യാസ് പ്ലാന്റ്, പൈപ്പ് കമ്പോസ്റ്റ്, മണ്ണിരക്കമ്പോസ്റ്റ്, എം.ആർ.എഫ് തുടങ്ങിയ വിവിധ മാലിന്യസംസ്കരണ ഉപാധികൾ പരിചയപ്പെടുത്തി.

## മലയാള സർവകലാശാലയും ഐ. ആർ. ടി. സിയും ധാരണാപത്രത്തിൽ ഒപ്പുവച്ചു

തുഞ്ചത്തെഴുത്തച്ഛൻ സ്മാരക മലയാള സർവകലാശാലയും ഐ.ആർ.ടി.സിയും പരസ്പരം സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള ധാരണാപത്രത്തിൽ ഒപ്പുവച്ചു. മലയാള സർവകലാശാലയിൽ വച്ച് നടന്ന ചടങ്ങിൽ സർവകലാശാലയുടെ അന്നത്തെ വൈസ് ചാൻസിലർ ഡോ.കെ.ജയകുമാർ, സർവകലാശാല രജിസ്ട്രാർ ഡോ.ഭരതൻ, ഐ.ആർ.ടി.സി ഡയറക്ടർ ഡോ.എൻ.കെ.ശശിധരൻപിള്ള, രജിസ്ട്രാർ പി.കെ.നാരായണൻ എന്നിവർ പങ്കെടുത്തു.

മലയാള സർവകലാശാലയിലെ തദ്ദേശ വികസനം, പരിസ്ഥിതിപഠനം എന്നീ വിഭാഗങ്ങളിലെ ബിരുദാനന്തര ബിരുദ വിദ്യാർഥികൾക്കായി ഐ.ആർ.ടി.സിയുടെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ ഇതുവഴി സാധിക്കും. വിദ്യാർഥികളുടെ പ്രൊജക്ടുകളും ഇന്റേൺഷിപ്പുകളും ഐ.ആർ.ടി.സിയുമായി സഹകരിച്ച് ചെയ്യാവുന്നതാണ്.

## ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയിൽ പരിശീലനം നടത്തി

ഡിസംബർ 20 ന് ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയിൽ മാലിന്യപരിപാലനത്തിൽ ക്ലാസും പരിശീലന പരിപാടിയും സംഘടിപ്പിച്ചു. മുനിസിപ്പാലിറ്റിയുടെ മാലിന്യസംസ്കരണോപാധികൾ വിതരണം ചെയ്യുന്ന പൊതുപരിപാടിയിലാണ് ഐ.ആർ.ടി.സിയുടെ നേതൃത്വത്തിൽ പരിശീലനം നടന്നത്. വിവിധതരത്തിലുള്ള മാലിന്യസംസ്കരണ ഉപാധികൾ പരിചയപ്പെടുത്തി. ഐ.ആർ.ടി.സി എഞ്ചിനിയർ രാഹുൽ.ആർ ക്ലാസിന് നേതൃത്വം നൽകി. കൂടാതെ ഐ.ആർ.ടി.സിയിൽ വികസിപ്പിച്ചെടുത്ത മഴവെള്ള ഫിൽറ്റർ യൂണിറ്റിന്റെ പരിചയപ്പെടുത്തലും നടന്നു. ആർ.രംഗസ്വാമി ഈ സെഷന് നേതൃത്വം നൽകി.

## മാലിന്യമുക്ത ചാലിയാർ: പദ്ധതിരേഖ സമർപ്പിച്ചു

കേരളത്തിലെ രണ്ടാമത്തെ നീളം കൂടിയ നദിയാണ് മലപ്പുറം ജില്ലയിലെ നിലമ്പൂർ മേഖലയിൽ നിന്ന് ഉത്ഭവിക്കുന്ന ചാലിയാർ പുഴ. നിലമ്പൂർ പ്രദേശത്തെ അശാസ്ത്രീയ മാലിന്യ സംസ്കരണം കൊണ്ടും നഗരവൽക്കരണംമൂലവും പുഴ മലിനീകരണപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ ഘട്ടത്തിലാണ് നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് മാലിന്യമുക്ത ചാലിയാർ എന്ന ആശയവുമായി ഐ.ആർ.ടി.സിയെ സമീപിക്കുന്നത്. പദ്ധതിയുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജൂലൈയിൽ ആരംഭിച്ചു. 11 അംഗ വിദഗ്ധസംഘമാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. നിലമ്പൂർ ബ്ലോക്കിലെ ചാലിയാർ, ചുങ്കത്തറ, മൂത്തേടം, പോത്തുകല്ല്, എടക്കര, വഴിക്കടവ് എന്നീ ഗ്രാമപഞ്ചായത്തുകളിൽ ജനകീയപങ്കാളിത്തത്തോടെയാണ് വിവരശേഖരണവും തുടർപ്രവർത്തനങ്ങളും ആവിഷ്കരിച്ചത്. ഐ.ആർ.ടി.സി Natural Resource Division Head ആർ.സതീഷ്, Social Sciences Division Head ഡോ.കെ.രാജേഷ് എന്നിവർ മാസ്റ്റർപ്ലാൻ നിർമാണ പ്രവർത്തനങ്ങൾക്ക് ഏകോപനം നൽകി. വൈശാഖ്, ധനൂപ് മോഹൻ, കാർത്തിക, ഷിബു, താജുദ്ദീൻ, മുഹമ്മദ് ഇസ്മയിൽ, എന്നിവരാണ് പ്രൊജക്ട് ടീം അംഗങ്ങൾ.

## എടപ്പറ്റ ഗ്രാമപഞ്ചായത്ത് മാസ്റ്റർപ്ലാൻ സമർപ്പിച്ചു

മലപ്പുറം ജില്ലയിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ നീർത്തടാധിഷ്ഠിത വികസന മാസ്റ്റർപ്ലാൻ തയ്യാറാക്കി സമർപ്പിച്ചു. 2011 ൽ ഐ.ആർ.ടിസി തന്നെ തയ്യാറാക്കിയ മാസ്റ്റർപ്ലാൻ പുതുക്കിയാണ് ഇത്തവണ സമർപ്പിച്ചത്. 2.60 ലക്ഷം രൂപയാണ് മൊത്തം ചെലവ്. കൂടാതെ തൃശൂർ ജില്ലയിലെ കടലോരപ്രദേശമായ എടത്തുരുത്തി ഗ്രാമപഞ്ചായത്തിലെ നീർത്തടാധിഷ്ഠിത വികസന മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## കരിങ്കുളം: മാസ്റ്റർപ്ലാൻ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു

തിരുവനന്തപുരം ജില്ലയിലെ തീരദേശ പഞ്ചായത്തായ കരിങ്കുളം ഗ്രാമപഞ്ചായത്തിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കൽ ഐ.ആർ.ടി.സിയുടെ നേതൃത്വത്തിൽ നടന്നു വരുന്നു. ജൈവമാലിന്യങ്ങളും മറ്റും അശാസ്ത്രീയമായി പുറംതള്ളുക വഴി തെരുവുനായ ശല്യവും, മഴക്കാലത്ത് രൂപപ്പെടുന്ന മലിനജലം നിറയുന്ന വെള്ളക്കെട്ടും തുടർന്നുള്ള സാംക്രമികരോഗങ്ങളും കരിങ്കുളത്തിന്റെ പ്രശ്നങ്ങളാണ്. ഈയൊരവസ്ഥയ്ക്ക് മാറ്റം വരുത്താനാണ് ഐ.ആർ.ടി.സിയുടെ നേതൃത്വത്തിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. മാലിന്യസംസ്കരണത്തിന് പരീക്ഷിച്ചു വിജയിച്ച, ഫലപ്രദമായ മാതൃകകൾ പിന്തുടർന്ന് പ്രശ്നം പരിഹരിക്കാൻ ഗ്രാമപഞ്ചായത്തുമായി ധാരണയായി. കൂടാതെ മഴക്കാലത്തുണ്ടാകുന്ന മലിനജലം വഹിച്ചുള്ള വെള്ളക്കെട്ട് തടയാനായി മഴക്കുഴി, ബണ്ടുകൾ തുടങ്ങി വിവിധ നിർമാണ പ്രവൃത്തികൾ നടത്താനും മാസ്റ്റർപ്ലാൻ വഴി ലക്ഷ്യമിടുന്നുണ്ട്. മാലിന്യപരിപാലനം നീർത്തടാധിഷ്ഠിത വികസനം, വെള്ളക്കെട്ടിനുള്ള പരിഹാരം, ആരോഗ്യപരിരക്ഷ, ജീവനോപാധി സാദ്ധ്യതാ വികസനം തുടങ്ങി ഈ രംഗത്ത് ദീർഘകാല വികസന ലക്ഷ്യങ്ങൾ ഉൾക്കൊള്ളുന്ന പദ്ധതിയാണ് തയ്യാറാക്കേണ്ടത്.

താഹ, താജുദ്ദീൻ, ഇസ്മയിൽ എന്നിവരാണ് പ്രൊജക്ട് ടീം അംഗങ്ങൾ. ഐ.ആർ.ടി.സി വിദഗ്ധരായ ആർ.സതീഷ്, ഡോ.കെ.രാജേഷ് എന്നിവരും പരിഷത്തിന്റെ പരിസര കൺവീനർ ടി.പി.ശ്രീശങ്കറുമാണ് മാസ്റ്റർപ്ലാൻ രൂപീകരണത്തിന് നേതൃത്വം കൊടുക്കുക.

## പ്രകൃതിവിഭവപരിപാലന പരിശീലനം

മലമ്പുഴ RATTC യുടെ നേതൃത്വത്തിൽ പാലക്കാട് ജില്ലയിലെ കൃഷി ഓഫീസർമാർക്കു വേണ്ടി പ്രകൃതിവിഭവപരിപാലനം, GIS, റിസോഴ്സ് മാപ്പിംഗ് എന്നിവയിൽ പരിശീലന പരിപാടി നവംബർ 7,8 ദിവസങ്ങളിൽ ഐ.ആർ.ടി.സി കാമ്പസിൽ നടന്നു. 20 പേർക്കാണ് പരിശീലനം നൽകിയത്. രണ്ടാം ദിനം ഐ.ആർ.ടി.സിയിലെ ഓരോ ഡിവിഷനുകളും കാമ്പംഗങ്ങൾ സന്ദർശിക്കുകയും ചെയ്തു.

## മാലിന്യസംസ്കരണം: പരിഷത്ത് സംഘത്തിന് പരിശീലനം നൽകി

ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ഏറണാകുളം ജില്ലയിലെ 30 അംഗ സംഘം ഐ.ആർ.ടി.സി ക്യാമ്പസ് സന്ദർശിക്കാനും മാലിന്യപരിപാലന ശിൽപശാലയിൽ പങ്കെടുക്കാനുമായി ഒക്ടോബർ 31 ന് ക്യാമ്പസിലെത്തി.



*പ്രൊഫ.ബി.എം.മുസ്തഫ ക്ലാസെടുക്കുന്നു*

പ്രൊഫ.ബി.എം.മുസ്തഫ, രാഹുൽ. ആർ എന്നിവർ ക്ലാസുകൾക്കും പ്രായോഗിക പരിശീലനത്തിനും നേതൃത്വം നൽകി. ബയോഗ്യാസ് പ്ലാന്റ്, പൈപ്പ് കമ്പോസ്റ്റ്, മണ്ണിരക്കമ്പോസ്റ്റ്, എം.ആർ.എഫ് തുടങ്ങിയ വിവിധ മാലിന്യസംസ്കരണ ഉപാധികൾ പരിചയപ്പെടുത്തി.

## SCERT ശിൽപശാല

സംസ്ഥാനത്തെ സ്കൂൾ വിദ്യാർഥികൾക്കിടയിലെ നിരന്തര വിലയിരുത്തൽ സംവിധാനം മെച്ചപ്പെടുത്താൻ എസ്.ഇ.ആർ.ടി ഏറ്റെടുത്ത പഠനത്തിന്റെ ഭാഗമായി നവംബർ 11,12 തിയ്യതികളിൽ ഐ.ആർ.ടി.സി കാമ്പസിൽ വച്ച് ശിൽപശാല സംഘടിപ്പിച്ചു. സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 50 അധ്യാപകരാണ് ശിൽപശാലയിൽ പങ്കെടുത്തത്. കുട്ടികളുടെ പാഠ്യപദ്ധതി വിലയിരുത്തുന്നതിനും പഠനനിലവാരം ഉയർത്തുന്നതിനുമായാണ് രണ്ടു ദിവസത്തെ ശിൽപശാല സംഘടിപ്പിച്ചത്.

## ATDC കെട്ടിടം മാറ്റി

ഐ.ആർ.ടി.സി മുഖ്യകേന്ദ്രത്തിൽ പ്രവർത്തിച്ചിരുന്ന ATDC യുടെ പരിശീലനകേന്ദ്രം ദേശീയപാതയ്ക്കു സമീപമുള്ള ഐ.ആർ.ടി.സി ജൂബിലി ക്യമ്പസിലേക്ക് മാറ്റി. കേന്ദ്രസർക്കാരിന്റെ തൊഴിൽ പരിശീലന പദ്ധതിയാണ് ഇത്. നിരവധി സ്ത്രീകളാണ് ഈ സംരംഭം വഴി ഡിസൈനിംഗ് രംഗത്ത് പരിശീലനം നേടി വരുന്നത്.

## വിദ്യാർഥികൾക്കുള്ള സാങ്കേതിക ശില്പശാല

പത്തിരിപ്പാല വി.എച്ച്.എസ്സ്.ഇ സ്കൂളിലെ 24 വിദ്യാർഥികൾക്കുള്ള നാല് ദിവസത്തെ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് നടന്നു. ലാമ്പ് ടെസ്റ്റിംഗ്, സോളാർ സിസ്റ്റം, അഡ്രിനോ ബോർഡ് എന്നിവയെ പരിചയപ്പെടുത്തൽ, ഊർജ്ജ പരിപാലനം എന്ന വിഷയത്തിൽ സെമിനാർ എന്നീ പ്രവർത്തനങ്ങളാണ് മുഖ്യമായും ശില്പശാലയിൽ നടന്നത്. പ്രൊഫ.ബി.എം.മുസ്തഫ സെമിനാറിൽ സംസാരിച്ചു.

ഐ.ആർ.ടി.സിയിലെ എനർജി ഡിവിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി എഞ്ചിനിയർമാരായ ഇന്ദ്രജിത്, ഷിന്റോൺ, സിനുദാസ്, ഐശ്വര്യ എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി. ഒക്ടോബർ 9,17,19,20 എന്നീ നാലു ദിവസങ്ങളിലായാണ് പരിശീലനം നടന്നത്.

## GIS പരിശീലനം

മലമ്പുഴ RATTC യുടെ നേതൃത്വത്തിലെത്തിയ പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ നിന്നെത്തിയ കൃഷി ഓഫീസർമാർക്ക് രണ്ട് ഘട്ടങ്ങളിലായി GIS പരിശീലനം നൽകി. ഒക്ടോബർ 10,11 തീയതികളിലും നവംബർ 8-ാം തീയതിയുമാണ് ഐ.ആർ.ടി.സി GIS Division ന്റെ ഭാഗമായി പരിശീലനം സംഘടിപ്പിച്ചത്. ആർ.സതീഷ്, എം.രാജൻ എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി. പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം ഡയറക്ടർ ഡോ.എൻ.കെ.ശശിധരൻപിള്ള, രജിസ്ട്രാർ പി.കെ.നാരായണൻ എന്നിവർ നിർവഹിച്ചു.



*രജിസ്ട്രാർ പി.കെ.നാരായണൻ സംസാരിക്കുന്നു*



*ഇന്ദ്രജിത് കാര്യാട്ട് ക്ലാസ് നയിക്കുന്നു*

## ഗ്രീൻ പ്രോട്ടോക്കോൾ ശില്പശാല

ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിൽ ഐ.ആർ.ടി.സി പ്രവർത്തകർക്കുള്ള ഗ്രീൻ പ്രോട്ടോക്കോൾ ശിൽപശാല നടന്നു. പരിസര ശുചിത്വത്തെ കുറിച്ചും മാലിന്യ പരിപാലനത്തെ കുറിച്ചും ഐ.ആർ.ടി.സി റിസർച്ച് കോർഡിനേറ്റർ പ്രൊഫ. ബി.എം.മുസ്തഫ ക്ലാസെടുത്തു. പ്ലാസ്റ്റിക്കുകളുടെ വിവിധ തരങ്ങളെ പറ്റിയും ഉപയോഗങ്ങളെ പറ്റിയും വേസ്റ്റ് മാനേജ്മെന്റ് ഡിവിഷനിലെ എഞ്ചിനിയർ രാഹുൽ.ആർ വിശദീകരിച്ചു. ഐ.ആർ.ടി.സി കാമ്പസിനകത്തെ ദൈനംദിന ഉപയോഗ സാമഗ്രികളും സംവിധാനങ്ങളും ഗ്രീൻ പ്രോട്ടോക്കോൾ അനുസരിച്ച് പുതുക്കി ക്രമപ്പെടുത്താൻ തീരുമാനിച്ചു. ശില്പശാലയ്ക്കു മുൻപായി രാവിലെ മുതൽ ഉച്ച വരെ മുഴുവൻ പ്രവർത്തകരുടേയും നേതൃത്വത്തിൽ കാമ്പസ് ശുചീകരണപ്രവർത്തനവും നടന്നിരുന്നു.

### പി.പി.സി, പി.ഐ.യു
## വാർഷിക ജനറൽബോഡി യോഗങ്ങൾ

പരിഷത്ത് പ്രൊഡക്ഷൻ സെന്റർ, ഐ.ആർ.ടി.സി പ്രൊജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് എന്നിവയുടെ വാർഷിക ജനറൽബോഡി യോഗങ്ങൾ ഡിസംബർ 28 ന് ഐ.ആർ.ടി.സി ജൂബിലി ക്യാമ്പസിൽ വച്ച് നടന്നു. പി.പി.സിയുടെ എക്സിക്യൂട്ടീവ് ഡയറക്ടറായി വി.ജി.ഗോപിനാഥിനെയും, സെക്രട്ടറിയായി പി.വി.ജോസഫിനെയും യോഗം തെരഞ്ഞെടുത്തു. പരിഷത്ത് പ്രസിഡണ്ട് ടി.ഗംഗാധരൻ ആണ് ചെയർമാൻ. ഐ. ആർ. ടി.സി-പി.ഐ.യു സെക്രട്ടറിയായി ഐ.എ.ചാക്കോ, ചെയർമാനായി ഐ.ആർ.ടി.സി രജിസ്ട്രാർ പി.കെ.നാരായണൻ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

## നീർത്തടവികസനം: പരിശീലനം നൽകി



നബാർഡ് ഡി.ഡി.എം. ശ്രീ.രമേശ് വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു

പാലക്കാട് ജില്ലയിലെ തിരഞ്ഞെടുത്ത 22 നീർത്തടങ്ങളിൽ നിന്നുമുള്ള സെക്രട്ടറി, പ്രസിഡന്റ്, സൂപ്പർവൈസർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് അക്കൗണ്ടിംഗിനെ സംബന്ധിച്ചും, തുടർ പ്രവർത്തന നിബന്ധനകളെ സംബന്ധിച്ചുമുള്ള പരിശീലനം നവംബർ 9 ന് സെമിനാർ ഹാളിൽ വച്ച് നടന്നു. നബാർഡ് ഡി.ഡി.എം ശ്രീ.രമേശ് വേണുഗോപാൽ പരിപാടി ഉദ്ഘാടനം ചെയ്തു. നബാർഡ് സുസ്ഥിര വികസനപദ്ധതി പ്രകാരം മികച്ച പ്രവർത്തനം നടത്തുന്ന 22 നീർത്തടങ്ങളെയാണ് തെരഞ്ഞെടുത്തത്. നബാർഡ് തുടർപദ്ധതി പ്രകാരം നൽകാൻ തീരുമാനിച്ച 8 ലക്ഷം രൂപ വീതം എല്ലാ നീർത്തടങ്ങൾക്കും കൈമാറി. കൂടാതെ, വരുംവർഷങ്ങളിൽ നീർത്തട പ്രവർത്തനങ്ങളെ മികച്ചതാക്കാനുതകുന്ന ചർച്ചയും നടന്നു. ഐ.ആർ.ടി.സി രജിസ്ട്രാർ പി.കെ.നാരായണൻ, ഐ.എ.ചാക്കോ എന്നിവർ സംസാരിച്ചു. പരിപാടിയിൽ സോഫി കെ. ആന്റണി സ്വാഗതം പറഞ്ഞു. ആർ. സതീഷ് അധ്യക്ഷനായി.

## കർഷകർക്ക് മാലിന്യസംസ്കരണത്തിൽ പരിശീലനം നൽകി

പല്ലാവൂർ കൃഷിഭവന്റെ നേതൃത്വത്തിൽ പ്രദേശത്തെ കർഷകർക്ക് ഡിസംബർ 11 ന് മാലിന്യസംസ്കരണത്തിൽ പരിശീലനം നൽകി. ഐ.ആർ.ടി.സി എഞ്ചിനിയർ രാഹുൽ.ആർ ക്ലാസിന് നേതൃത്വം നൽകി. മാലിന്യപ്രശ്നം എങ്ങനെയാണ് കൃഷിയെ ബാധിക്കുന്നതെന്നും, അതിനെ പ്രതിരോധിക്കുന്നതിനുള്ള മാലിന്യപരിപാലന രീതികളെ കുറിച്ചുള്ള അവതരണവും സംശയനിവാരണവും നടന്നു. കൃഷി ഓഫീസർ ശ്രീമതി.റീജ പരിശീലന പരിപാടി ഏകോപിപ്പിച്ചു. പ്രദേശത്തെ 70 കർഷകർ പരിപാടിയിൽ പങ്കെടുത്തു.




## സമതവില്ലേജ് ഒരുങ്ങുന്നു

മുണ്ടൂർ പൊരിയാനിയിൽ ദേശീയപാതയ്ക്കു സമീപമുള്ള ഐ.ആർ.ടി.സി ജൂബിലി ക്യാമ്പസിൽ അഗ്രോസർവീസ് കേന്ദ്രമായ സമതവില്ലേജിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായി. ഐ.ആർ.ടി.സിയുടെ സഹോദരസ്ഥാപനമായ പി.പി.സിയുടെ നേതൃത്വത്തിലാണ് ഈ സംരംഭം പ്രവർക്കുന്നത്. പലയിനം ഫലവൃക്ഷത്തൈകൾ, വിവിധ കാർഷികോപകരണങ്ങൾ തുടങ്ങിയവ ഇവിടെ ലഭ്യമാണ്.




A Research and Development institution supported by DST, Govt of India and KSCSTE, Govt. of Kerala
**Supporting Students and Innovators since the 80's**
www.irtc.org.in www.kssp.in www.luca.co.in